# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 5032

22..05..2017 -ൽ
മറുപടിയ്ക്ക്

## അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജ്

*ചോദ്യം*
ശ്രീ. രാജു എബ്രഹാം

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജ് അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ കോഴ്സുകളാണ് ഇവിടെ അനുവദിച്ചിരിക്കുന്നത്; കോളേജിന്റെ പ്രവർത്തനം ആരംഭിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എ) 17.07.2013 ലെ G.O (Ms) No. 505/2013/HEdn പ്രകാരം ഐ.എച്ച്.ആർ.ഡി-യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പത്തനംതിട്ട ജില്ലയിലെ അയിരൂർ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, നവീകരിച്ച് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അയിരൂർ, 2013-14 അധ്യയന വർഷത്തിൽ തുടങ്ങുന്നതിനായി അനുമതി നൽകി.

ഇവിടെ നിലവിലുള്ള കോഴ്സുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

(1) ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് - 30 (പ്രവേശനം)
(2) ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ മോഡ് 2 (വൊക്കേഷണൽ - ജേണലിസം) - 40 (പ്രവേശനം)
(3) ബി.സി.എ - 30 (പ്രവേശനം)

| | | | |
|---|---|---|---|
| | | | മതിയായ കെട്ടിട സൗകര്യങ്ങളുടെ അഭാവത്താൽ ക്ലാസ്സ് ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റദ്ദ് ചെയ്യാനുണ്ടായ കാരണം വിശദമാക്കാമോ; പ്രശ്നങ്ങൾ പരിഹരിച്ച് അടുത്ത അദ്ധ്യയന വർഷം കോളേജിന്റെ പ്രവർത്തനം തുടങ്ങാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് പറയാമോ; | (ബി) | 2016-17 ൽ എം.ജി യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനാ സമയത്ത് കെട്ടിടത്തിന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടേയും അഭാവ ത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ 2190A/1/17/Ac AVII തീയതി 30.04.2017 പ്രകാരം പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ താത്കാലിക മായി ദ്യാക്കപ്പെട്ടതായി അറിയിപ്പ് ലഭിക്കുകയുണ്ടായി.<br>എം.ജി. യൂണിവേഴ്സിറ്റി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ അഫിലിയേഷൻ പുന:സ്ഥാപിച്ച് കിട്ടുന്നതിന് സ്പെഷ്യൽ ഓഫീസറായ ഡോ. ശ്രീകുമാർ.ജി (പ്രിൻസിപ്പൽ, ടി.എച്ച്.എസ്.എസ് അടൂർ)-യെ ചുമതലപ്പെടുത്തി യിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിലുള്ള കോഴ്സുകൾക്ക് പുറമേ വിദ്യാർത്ഥികൾക്ക് ഏറെ താല്പര്യമുള്ള ബി.കോം കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള കോഴ്സുകൾ ഈ കോളേജിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി ഫിസിക്സ് ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കാൻ എം.ജി സർവ്വകലാശാലാ രജിസ്ട്രാർക്ക് ഏപ്രിൽ 2017-ൽ ഐ.എച്ച്.ആർ.ഡി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ അനുവദിച്ചിരിക്കുന്ന കോഴ്സുകൾക്ക് കുട്ടികളെ കിട്ടാത്ത സാഹചര്യത്തിൽ അവയ്ക്ക് പകരം പുതിയ കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സർവ്വകലാശാലയിൽ അപേക്ഷ ലഭിച്ചത്; ഇതിൻമേൽ എന്തു നടപടിയാണ് സർവ്വകലാശാല സ്വീകരിച്ചത്; | | |
| (ഇ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിക്കായി അപേക്ഷകൾ അയച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ഐ.എച്ച്.ആർ.ഡി ഡയറക്ടറേറ്റിൽ നിന്നും സർക്കാരിന് അപേക്ഷ ലഭിച്ചിട്ടില്ല. |

*സെക്ഷൻ ഓഫീസർ*